കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

ജില്ലാ ഓഡിറ്റ്, തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2406/2018 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം
തീയതി 07.12.2018
e-mail:lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉ. പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്, 4) സ്പെയർ.

നം.കെ.എസ്.എ .റ്റി.വി.എം/ജി.പി.8/2406 /2018 തീയതി: 07.12.2018

## തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക_ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017മുതൽ 22-10-2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻ ലാൽ.എസ്.ജെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2018 മുതൽ 30.10.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ.സനിൽ.എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | 2. ശ്രീമതി.ലേഖ.എം.എൽ, സീനി.ഗ്രേഡ് ഓഡിറ്റർ |
| | 3. ശ്രീ.എസ്.സുജേഷ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 4.ശ്രീ.എസ്.വിനോദ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 5.ശ്രീമതി.ജിജി.എസ്.ഗോപിനാഥ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.വിലാസിനി.കെ | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീമതി.ലതിക.ഡി.എസ് | 01-04-2017 മുതൽ 15-08-2017 വരെ |
| | ശ്രീ.ചന്ദ്രഹാസൻ.ജി (ഇൻ-ചാർജ്ജ്) | 16-08-2017 മുതൽ 06-09-2017 വരെ |
| | ശ്രീമതി.ലതിക.ഡി.എസ് | 07-09-2017 മുതൽ 30-11-2017 വരെ |
| | ശ്രീ.ചന്ദ്രഹാസൻ.ജി (ഇൻ-ചാർജ്ജ്) | 01-12-2017 മുതൽ 04-12-2017 വരെ |
| | ശ്രീമതി.ബിജി ജോസഫ് | 05-12-2017 മുതൽ 31-03-2018 |

| | | |
|---|---|---|
| | | വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സബിത.ആർ | 01-04-2017 മുതൽ 31-03-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | ശ്രീമതി.സുജ.ബി | 01-04-2017 മുതൽ 31-03-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | ശ്രീമതി.സിനി | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി.സജിത | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.രാമകൃഷ്ണബാബു | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അജിത്.പി.എൻ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി.ബിന്ദു | 01-04-2017 മുതൽ 31-03-2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ബിജു.വി.ഒ | 01-04-2017 മുതൽ 31-03-2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീകുമാർ.ജി.എസ് | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.രശ്മി.ആർ.എസ് | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്റിനറി സർജൻ | ഡോ.ലേഖ ജോർജ്ജ് | 01-04-2017 മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | ശ്രീ.ജി.ചന്ദ്രഹാസൻ | 01-04-2017 മുതൽ 31-03-2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 | |
| 11 | വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ | 1-11 | |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | ഡി ആന്റ് ഓ ലൈസൻസ് -നടപടിക്രമങ്ങളിലെ അപാകതകൾ | 2-1 | |
| 13 | ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല. | 2-2 | |

| | | | |
|---|---|---|---|
| | | | |
| 14 | ഇ-ടെണ്ടറിംഗ്, ടെണ്ടറിംഗ് ഫോറം വില ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയില്ല | 2-3 | |
| 15 | ഷോപ്പിംഗ് കോംപ്ളക്സ് വാടക, ഈടാക്കാനവശേഷിക്കുന്ന തുക ഈടാക്കിയിട്ടില്ല. | 2-4 | |
| 16 | തൊഴിൽ നികുതി- കുറവായി ഈടാക്കിയ തുക ഒടുക്കു വരുത്തി- ഓഡിറ്റ് ഇംപാക്ട് | 2-5 | |
| 17 | വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-6 | |
| | ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല | 3-1 | |
| 19 | വാഹനത്തിന്റെ പരിപാലനം തൃപ്തികരമല്ല | 3-2 | |
| 20 | വൗച്ചറുകളുടെ പരിപാലനം തൃപ്തികരമല്ല- അനുബന്ധ രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 3-3 | |
| 21 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നത് നിയമവിരുദ്ധം | 3-4 | |
| 22 | വെള്ളക്കരമിനത്തിൽ 96,12,597 രൂപയുടെ കുടിശ്ശിക | 3-5 | |
| 23 | കുടിവെള്ള ടാപ്പുകളുടെ പരിപാലനം- സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-6 | |

| | | | |
|---|---|---|---|
| 24 | പഞ്ചായത്ത് കെട്ടിടത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ- അപാകതകൾ | 3-7 | |
| 25 | തെരുവ് വിളക്ക് പരിപാലനം-നിർദ്ദിഷ്ട മാതൃകയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല- അനിവാര്യ ചുമതല നിർവ്വഹിക്കുന്നില്ല | 3-8 | |
| 26 | ആയുർവേദ ആശുപത്രി- ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ-അപാകതകൾ | 3-9 | |
| 27 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചില്ല- ഭൗതിക സാഹചര്യമൊരുക്കാതെ മെഷീൻ വാങ്ങി- പദ്ധതി ലക്ഷ്യം കണ്ടില്ല | 3-10 | |
| 28 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലുംനടപ്പിലാക്കിയില്ല | 3-11 | |
| 29 | കുടിവെള്ള പ്രശ്ന പരിഹാരത്തിന് പദ്ധതികൾ ആവിഷ്കരിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുന്നില്ല (മരാമത്ത്) | 3-12 | |
| 30 | സേവാ ഗ്രാമകേന്ദ്രങ്ങൾ- പ്രവർത്തനം വിലയിരുത്തലിന് വിധേയമാക്കണം | 3-13 | |
| 31 | ആശ്രയ പദ്ധതി ഭവന നിർമ്മാണം- ലക്ഷ്യം കൈവരിച്ചില്ല | 3-14 | |
| 32 | അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല | 3-15 | |
| 33 | അങ്കണവാടികൾക്ക് ഫർണിച്ചർ- അനുബന്ധ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 3-16 | |

| | | | |
|---|---|---|---|
| 34 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല (മരാമത്ത് കമ്മിറ്റി) | 3-17 | |
| 35 | സ്ഥല ലഭ്യതയില്ലാതെ നിർമ്മാണ പദ്ധതി | 3-18 | |
| 36 | രണ്ടായി മുറിച്ച് മരാമത്ത് പ്രവൃത്തി | 3-19 | |
| 37 | 26 വർഷമായിട്ടും തീരാത്ത വായ്പ കുടിശ്ശിക | 3-20 | |
| 38 | പദ്ധതി പൂർത്തീകരിച്ച ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് ക്രമവിരുദ്ധം | 3-21 | |
| | ഭാഗം 4 | | |
| 39 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 40 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 44 | ഓഡിറ്റ് റിക്കവറി | 4-6 | |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| മുന്നിരിപ്പ് | 11570791 |
| പ്രതീക്ഷിത വരവ് | 231722000 |
| ആകെ | 243292791 |
| പ്രതീക്ഷിത ചെലവ് | 241632100 |
| നീക്കിയിരിപ്പ് | 1660691 |

1-1-1 ബജറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | വിവരണം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടി |
|---|---|---|---|
| 1 | ബജറ്റ് വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28 ന് മുൻപ് | 07-06-2017 |
| 2 | നോൺ-പ്ലാൻ വരവ്-ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15, 2017 ന് മുൻപ് | 01-02-2017 |
| 3 | നോൺ-പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15 ന് മുൻപ് | 22-02-2017 |
| 4 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരൽ | ജനവരി 25 ന് മുൻപ് | 07-03-17 |
| 5 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കലും ക്രോഡീകരണവും | ഫെബ്രുവരി 1 ന് മുൻപ് | 08-03-2017 |
| 6 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് നിർമ്മാണം | മാർച്ച് 1 ന് മുൻപ് | 09-03-2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിന് പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | ചേർന്നിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31 ന് മുൻപ് | 29-03-2017 |

2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ അപൂർണ്ണമാണ്. ബജറ്റിലെ വരവ് ചെലവ് വിവരങ്ങളെക്കുറിച്ചുള്ള പൊതുവായ രേഖപ്പെടുത്തൽ മാത്രമേ ഫയലിൽ ഉള്ളൂ. നിയമം അനുശാസിക്കുന്ന സമയപരിധി ബജറ്റ് രൂപീകരണത്തിന് പാലിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യഥാസമയം ബജറ്റ് പ്രക്രിയയുടെ നടപടിക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-2 അനിവാര്യ ചുമതലയ്ക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 166 പട്ടിക 3 എ6 പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിലും ആശുപത്രികളിലും മാർക്കറ്റുകളിലും അങ്കണവാടികളിലും ഹോസ്റ്റലുകളിലും വൃദ്ധ സദനങ്ങളിലും ആഡിറ്റോറിയങ്ങളിലും മാലിന്യ സംസ്കരണ സംവിധാനം ഇല്ല എന്നാണ് സ്റ്റാറ്റസ് റിപ്പോർട്ടിലും പദ്ധതി മാർഗ്ഗരേഖയിലും രേഖപ്പെടുത്തിയിരിക്കുന്നത്. ബജറ്റിൽ പ്രസ്തുത മേഖലയിൽ തുക വകയിരുത്തിയിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

1-1-3 <u>അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കൽ</u>

അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചല്ല പ്രതീക്ഷിത വരവ് കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ വരവും തമ്മിൽ അന്തരം കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ തുക | വ്യത്യാസം |
|---|---|---|---|
| <u>വരവ്</u> | | | |
| വസ്തുനികുതി | 40,00,000 | 31,61,667 | (-)8,38,333 |
| തൊഴിൽ നികുതി | 20,00,000 | 14,01,630 | (-)5,98,370 |
| <u>ചെലവ്</u> | | | |
| ശമ്പളം | 1,20,00,000 | 95,00,769 | -2499231 |
| വേതനം | 12,00,000 | 9,56,452 | -243548 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധപുലർത്തേണ്ടതുണ്ട്.

# 1-2 <u>വാർഷിക ധനകാര്യപത്രിക</u>

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 29-06-2018 | - | - |

# 1-3 <u>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18-06-2018 മുതൽ 19-06-2018 വരെ | നം.കെ.എസ്.എ/റ്റി.വി.എം.ജി.പി.8/ 1384/18 തീയതി 05-07-2018 |

# 1-4 <u>സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)</u>

| | | |
|---|---|---|
| മുന്നിരിപ്പ് | | 7754884 |
| വരവ് | | 63533793 |

| | | |
|---|---|---|
| ആകെ | | 71288677 |
| ചെലവ് | | 66608607 |
| നീക്കിയിരിപ്പ് | | 4680070 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10579826 | 10579826 | 10579826 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6021126 | 6021126 | 6021126 | 0 |
| സി.എഫ്.സി | 0 | 5586744 | 5586744 | 5586744 | 0 |
| KLSGDP | 0 | 2126843 | 2126843 | 2126843 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 14138221 | 14138221 | 14138221 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 3267648 | 3267648 | 3267648 | 0 |
| ബി ഫണ്ട് | 0 | 267180 | 267180 | 267180 | 0 |
| MGNREGS | 44026 | 1189271 | 1233297 | 1204304 | 28993 |
| സാക്ഷരത* | 26728 | 1030 | 27758 | 0 | 28083 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 5110098 | 8829000 | 13939098 | 13304245 | 634853 |
| തനത് ഫണ്ട് | 2366059 | 11405995 | 13772054 | 9894281 | 3877773 |
| ട്രഷറി ഓൺ ഫണ്ട് അക്കൗണ്ട്-പോസ്റ്റ് ഓഫീസ്** | 1209 | 97 | 1306 | 0 | 2516* |
| എസ്.ബി.ഐ (വസ്തു നികുതി) | 0 | 24562 | 24562 | 0 | 24562 |
| അക്കൗണ്ട് ഫോർ എഫ്.ഡി ഇന്ററസ്റ്റ് | 100 | 13136 | 13236 | 13000 | 236 |
| ക്യാഷ് (തനത് ഫണ്ട്) | 206664 | 83114 | 289778 | 206664 | 83114 |

*സിൻഡിക്കേറ്റ് ബാങ്ക് സാക്ഷരത ബാങ്ക് ബുക്ക് പ്രകാരം ഇന്ററസ്റ്റ് ആന്റ് ഫിനാൻസ് ചാർജ്ജ് ഇനത്തിൽ 265 രൂപ വരവായി കാണിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഈ തുക ഉൾപ്പെട്ടിട്ടില്ല

**ട്രഷറി ഓൺ ഫണ്ട് അക്കൗണ്ട് വി.പി.എഫ്.എ1,II (പോസ്റ്റോഫീസ്) ബാങ്ക് ബുക്ക് പ്രകാരം ഇന്ററസ്റ്റ് ആന്റ് ഫിനാൻസ് ചാർജ്ജിനത്തിൽ 1210/- രൂപ വരവായി കാണിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഈ തുക ഉൾപ്പെട്ടിട്ടില്ല

***ഹെഡ് 280800401 പ്രയർ പിരീഡ്= interest & finance charge ൽ -1475/- രൂപ കാണിച്ചിട്ടുണ്ട്. ഈ തുകയുടെ വ്യത്യാസം (66610082- 66608607=1475) ആകെ ചെലവിൽ ഉണ്ടായിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകളുടേയും നടപ്പാക്കിയ പ്രോജക്കുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളു |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | | | (എണ്ണം) | | ടെ ശതമാനം |
| 243 | 92521372 | 146 | 44250833 | 14 | 83 | 60 |

പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ 243 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ആകെ 146 പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ അംഗീകാരം ലഭ്യമാക്കിയശേഷം പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ ഭാവിയിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതിലക്ഷ്യം കൈവരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷം നിർവ്വഹണോദ്യോഗസ്ഥ തലത്തിലെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തത് | പൂർത്തീകരണ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 11 | 1411317 | 11 | 1254817 | 0 | 0 | 100 |
| 2 | വെറ്റിനറി സർജൻ | 12 | 4345000 | 11 | 1997750 | 0 | 1 | 91.6 |
| 3 | സെക്രട്ടറി | 54 | 19384124 | 22 | 7207326 | 3 | 29 | 53.7 |
| 4 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 8 | 1270000 | 5 | 936221 | 0 | 3 | 62.5 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 160000 | 1 | 100000 | 0 | 1 | 50 |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 844781 | 3 | 844780 | 0 | 0 | 100 |
| 7 | വി.ഇ.ഓ | 17 | 8197730 | 12 | 6259030 | 1 | 4 | 70.6 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 3241650 | 5 | 2195764 | 0 | 1 | 83.3 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 112 | 47848770 | 65 | 20299145 | 10 | 37 | 66.9 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1200000 | 2 | 975000 | 0 | 0 | 100 |
| 11 | ഹെഡ്മാസ്റ്റർ | 9 | 1820500 | 2 | 305500 | 0 | 7 | 77 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 2797500 | 7 | 1875500 | 0 | 0 | 100 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 44026 | 1189271 | 1233297 | 1204304 | 28993 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25468701 | 25468701 | 25468701 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 248880 | 450 |
| കർഷകതൊഴിലാളി പെൻഷൻ | 1363300 | 117 |
| വിധവാപെൻഷൻ | 12581800 | 1085 |
| വാർദ്ധക്യകാലപെൻഷൻ | 31966800 | 2468 |
| വികലാംഗപെൻഷൻ | 3813500 | 327 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 16 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 645800 | 56 |
| ആകെ | 50620080 | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-10-2018 രാവിലെ 11 AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8613 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക

വർഷം പ്രതിമാസ ഓഫീസ് മീറ്റിംഗ് വിളിച്ച് ചേർത്തതിന്റെ മിനിട്സ് ഓഡിറ്റിന് ഹാജരാക്കിയില്ല. പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണ സമിതിക്ക് നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. റെക്കോർഡ് റൂം ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സംവിധാനം തൃപ്തികരമല്ല. (വൗച്ചറുടെ പരിപാലനത്തിലെ അപാകം ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്). പെർമിറ്റ് രജിസ്റ്റർ, UA രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ എന്നീ സുപ്രധാന രജിസ്റ്ററുകൾ കൃത്യമായ രീതിയിൽ പരിപാലിച്ചിട്ടില്ല. മിനിട്സിലെ രേഖപ്പെടുത്തലുകൾ സകർമ്മ സോഫ്റ്റ് വെയറിൽ കാലികമാക്കിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമാക്കി കാലികമാക്കിയിട്ടില്ല. സദ്ഭരണ ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പിന്റെയും അതിന്റെ മേൽനോട്ട ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

1-10-1 പൊതുഭരണം

1) ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യ നീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത എന്നിവ സേവനപ്രദാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായകമാണ്.

| | |
|---|---|
| രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | സേവനങ്ങൾ സെക്ഷനുകളിൽ നിന്നും ലഭിച്ച തീയതിയും സേവനം നൽകിയ തീയതിയും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഡയറി അപൂർണ്ണമാണ് |
| ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | ഡ്യൂട്ടി രജിസ്റ്റർ ഹാജരാക്കിയില്ല |
| ഫോറം വിതരണ രജിസ്റ്റർ പരിപാലിക്കണം | രജിസ്റ്റർ പരിപാലിച്ചിട്ടില്ല |
| സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. | രജിസ്റ്റർ പരിപാലിക്കുകയോ ഈയിനത്തിലെ വരവിന്റെ വിശദാംശം എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല |
| ലഭിക്കുന്ന തപാലുകൾ അന്നേ ദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം.തൻപതിവേടിൽ | തപാലുകൾ അന്നേ ദിവസം തന്നെ സെക്ഷനുകൾക്ക് നൽകാറുണ്ട്. 2017-18 |

| | |
|---|---|
| ചേർത്ത വിവരം സൂപ്പർവൈസർ മോണിട്ടറിംഗ് നടത്തണം | വർഷം വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന തൻപതിവേട്ടുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല |
| ഫ്രണ്ട് ഓഫീസ് മോണിട്ടറിംഗ് സമിതി ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണസമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |

2) വിവരാവകാശ രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിൽ അനക്ഷർ II മാതൃകയിലല്ല വിവരാവകാശ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/30-10-2018) ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററിൽ വിശദാംശങ്ങൾ എഴുതി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകി.

3) സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013 /പി.ആൻറ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ഭേദഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം 35/16.8.2018) മറുപടിയായിഅറിയിച്ചിട്ടുണ്ട്.എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2017-18ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

4) പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ,സമയപരിധി,നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ്മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം പൗരാവകാശരേഖ നാളിതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല.

ജനാധിപത്യ സംവിധാനത്തിൽ ഭരണസ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെ കുറിച്ചും അവയുടെ നിർവഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്വമുള്ള സെക്രട്ടറിയും സേവനമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല.

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-11 വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ

എ) പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി 39700/- ആർ.പി-1 ൽ ഉൾപ്പെട്ടിട്ടില്ല

ബി) ഇ.എം.എസ് ലോൺ ഇനത്തിൽ 203763/- രൂപ 17-11-2017 ൽ കടയ്ക്കാവൂർ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിൽ ഒടുക്കിയിട്ടുണ്ട്.(രസീത് നമ്പർ 1701046833). എന്നാൽ ഈ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

സി) Unsecured Loan ഇനത്തിൽ മുൻവർഷവും തൻവർഷവും 435000/- രൂപതന്നെ ബാക്കി നിൽക്കുന്നു. ഈ തുക ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമായിട്ടില്ല

ഡി) പ്രയർപിരീഡ് ഇനത്തിൽ പ്രോപ്പർട്ടി ടാക്സ് 344526, വാടക 11339 എന്നിങ്ങനെ പോസിറ്റീവ് ആയി കാണിച്ചിരിക്കുന്നു

ഇ) പ്രോപ്പർട്ടി ടാക്സ് സഞ്ചയ, വാർഷിക ധനകാര്യ പത്രിക എന്നിവയിൽ ചുവടെ പറയുന്ന വ്യത്യാസമുണ്ട്

| ഇനം | സഞ്ചയ പ്രകാരം | എ.എഫ്.എസ് പ്രകാരം |
|---|---|---|
| റെസിഡൻഷ്യൽ-കളക്ഷൻ<br>തൻവർഷം<br>അരിയർ | 1021420<br>1000496 | 1058207<br>1056988 |
| റസിഡൻഷ്യൽ-ബാലൻസ്<br>തൻവർഷം<br>അരിയർ | 364325<br>639047 | 455214<br>556545 |
| നോൺ റെസിഡൻഷ്യൽ-കളക്ഷൻ<br>തൻവർഷം<br>അരിയർ | 686183<br>438769 | 650079<br>396393 |
| റെസിഡൻഷ്യൽ- ബാലൻസ്<br>തൻവർഷം<br>അരിയർ | 212134<br>374665 | 288074<br>436153 |

എഫ്) കോഡ് നമ്പർ 250100921- agriculture and related sector-coconut-general എന്ന ശീർഷകത്തിൽ ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 3150 രൂപ ചെലവായി കാണുന്നു. എന്നാൽ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് പത്രികയിൽ ഈ ഇനത്തിലെ ചെലവ് 3050 രൂപയാണ്.

ജി)കോഡ് നമ്പർ 25010901- agriculture and related sector-paddy-general എന്ന ഹെഡിൽ കോൺട്രിബ്യൂഷൻ ഫോർ ജോയിന്റ് വെൻച്വർ ജില്ലാ പഞ്ചായത്ത് എന്ന ഇനത്തിൽ 34000/- രൂപ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് പത്രികയിൽ ഈ ഇനത്തിൽ യാതൊരു ചെലവും ഇല്ല

എച്ച്) 2016-17 സാമ്പത്തിക വർഷത്തിൽ ഡി ആന്റ് ഓ ലൈസൻസ് ഫീ ബാലൻസ് (B15) 600/- രൂപയാണ്.
ഐ) NREGS ചെലവ് RP ഷെഡ്യൂൾ പ്രകാരമുള്ളത് 1154430/- രൂപയാണ്. ക്യാഷ്ബുക്ക് പ്രകാരം 1204304/- രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഓ ലൈസൻസ് -നടപടിക്രമങ്ങളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ ഡി ആന്റ് ഓ ലൈസൻസ് സംബന്ധമായ രജിസ്റ്ററുകളുടെയും അനുബന്ധ രേഖകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) 2016-17 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്ത എല്ലാ സ്ഥാപനങ്ങളും 2017-18 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനായിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റ് തീയതി വരെയും (22-10-2018) എഴുതിയിട്ടില്ല.

ബി) സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കുവാനുള്ള നോട്ടീസ് നൽകുന്ന നടപടിക്രമം സ്വീകരിച്ചതായി കാണുന്നില്ല.

സി) ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ള ഭൂരിഭാഗം ഉടമകളും അപൂർണ്ണങ്ങളായ അപേക്ഷകളാണ് സമർപ്പിച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കട ഉടമയുടെ പേര് | വ്യാപാര സ്ഥാപനം | വാർഡ് നമ്പർ | അപാകത |
|---|---|---|---|
| ശ്രീമതി.ലിഷാ പ്രസാദ് | മെഡിക്കൽ സ്റ്റോർ | 12 | സ്ഥാപനത്തിൽ എത്ര ജീവനക്കാർ ഉണ്ട് എന്നത് സംബന്ധിച്ച രേഖപ്പെടുത്തലില്ല |
| ശ്രീ.എ.ജെ.ഷഹാർ | കൊല്ലം ട്രേഡേഴ്സ് | 12 | സ്ഥാപനത്തിൽ എത്ര ജീവനക്കാർ ഉണ്ട് എന്നത് സംബന്ധിച്ച രേഖപ്പെടുത്തലില്ല |
| ശ്രീമതി.ജീജാ കൃഷ്ണൻ | തുണിത്തരങ്ങൾ | 14 | സ്ഥാപനത്തിൽ എത്ര ജീവനക്കാർ ഉണ്ട് എന്നത് സംബന്ധിച്ച രേഖപ്പെടുത്തലില്ല |
| ശ്രീ.എൻ.പ്രകാശ് | കാറ്ററിംഗ് | 16 | സ്ഥാപനത്തിൽ എത്ര ജീവനക്കാർ |

| | | | |
|---|---|---|---|
| | | | ഉണ്ട്, ശരാശരി വിറ്റുവരവ് എത്ര എന്നത് സംബന്ധിച്ച് രേഖപ്പെടുത്തലില്ല |
| ശ്രീ.ജെ.ഹരിദാസ് | തുണ്ടുവിള വീട് | 12 | സ്ഥാപനത്തിൽ എത്ര ജീവനക്കാർ ഉണ്ട് എന്നത് സംബന്ധിച്ച രേഖപ്പെടുത്തലില്ല |
| ശ്രീമതി.എ.അനുജ | പലചരക്ക് വ്യാപാരം | 8 | സ്ഥാപനത്തിൽ എത്ര ജീവനക്കാർ ഉണ്ട്, ശരാശരി വിറ്റുവരവ് എത്ര എന്നത് സംബന്ധിച്ച് രേഖപ്പെടുത്തലില്ല |
| ശ്രീ.രാജൻ ചെട്ടിയാർ | താബൂക്ക് നിർമ്മാണം | 8 | സ്ഥാപനത്തിൽ എത്ര ജീവനക്കാർ ഉണ്ട് എന്നത് സംബന്ധിച്ച രേഖപ്പെടുത്തലില്ല |
| ശ്രീ.എ.ബാജു | റെന്റൽ ഫോർ പവർ ടൂൾസ് | 14 | ശരാശരി വിറ്റുവരവ് എത്ര എന്നത് സംബന്ധിച്ച് രേഖപ്പെടുത്തലില്ല |
| ശ്രീ.വൈ.ഷഫീഖ് | റൈസ് മിൽ | 16 | സ്ഥാപനത്തിൽ എത്ര ജീവനക്കാർ ഉണ്ട്, ശരാശരി വിറ്റുവരവ് എത്ര എന്നത് സംബന്ധിച്ച് രേഖപ്പെടുത്തലില്ല |
| മനോജ്.എസ് | ഫ്ലവർ മിൽ | 9 | സ്ഥാപനത്തിൽ എത്ര ജീവനക്കാർ ഉണ്ട് എന്നത് സംബന്ധിച്ച് രേഖപ്പെടുത്തലില്ല |

അപേക്ഷകർ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളിന്മേൽ പരിശോധന നടത്തിയാണ് നികുതി നിർണ്ണയം നടത്തേണ്ടത്. സ്ഥാപത്തിലെ ജീവനക്കാരുടെ എണ്ണം, ശരാശരി വിറ്റുവരവ് എന്നിവ രേഖപ്പെടുത്താത്ത അപേക്ഷകളിന്മേൽ എപ്രകാരമാണ് നികുതി നിർണ്ണയം നടത്തിയതെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/24-10-2018) വരും വർഷങ്ങളിൽ പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിനും അപേക്ഷകൾ പൂർണ്ണമാണെന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രം ലൈസൻസ് അനുവദിച്ച് നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. സെക്രട്ടറിയുടെയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 2-2 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല.

2017-18 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല

| ക്രമ നം. | അപേക്ഷ നമ്പർ, തീയതി | നടപടി പൂർത്തിയാക്കേണ്ട തീയതി | നടപടി പൂർത്തിയായ തീയതി |
|---|---|---|---|
| 1 | 4841/17 തീയതി 28-09-17 | 27-10-2017 | 20-11-2017 |
| 2 | 5249/17 തീയതി 20-10-17 | 19-11-2017 | 15-12-2017 |
| 3 | 5617/17 തീയതി 28-10-17 | 27-11-2017 | നടപടി എടുത്തത് സംബന്ധിച്ച് രേഖപ്പെടുത്തലില്ല |
| 4 | 5696/17 തീയതി 01-11-2017 | 01-12-2017 | 15-12-2017 |
| 5 | 6003/17 തീയതി 16-11-2017 | 15-12-2017 | 14-02-2017 |

2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ ചട്ടം 16(2) പ്രകാരം പെർമിറ്റിന് അപേക്ഷ സമർപ്പിച്ച് ഒരു മാസത്തിനുള്ളിൽ അതിന്മേൽ തീർപ്പ് കൽപ്പിക്കാത്ത പക്ഷം അപേക്ഷകന് താൻ നൽകിയ അപേക്ഷ, പ്ലാൻ എന്നിവ അംഗീകരിച്ചതായി കണക്കാക്കി നിർമ്മാണവുമായി മുന്നോട്ട് പോകാവുന്നതാണ്.

ബി) നടപടി സംബന്ധിച്ച് വ്യക്തതയില്ല

| 1 | അപേക്ഷകന്റെ പേര് | തപാൽ നമ്പർ | കൈപ്പറ്റിയ തീയതി | നടപടി |
|---|---|---|---|---|
| 1 | ഷാൻ.എം, ഷബീർ മൻസിൽ | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 2 | ശ്രീമതി.സരസ്വതി | | 20-11-2017 | |
| 3 | ഷാൻ/ഷമീർ | | 22-11-2017 | |
| 4 | റിലയൻസ് ജിയോ ഇൻഫോകോം | | 25-11-2017 | |
| 5 | ശ്രീമതി.ശശികല | | 27-11-2017 | |
| 6 | ശ്രീ.സുനിൽകുമാർ | | 27-11-2017 | |

| | | | | |
|---|---|---|---|---|
| 7 | ശ്രീ.സജു | | 29-11-2017 | |
| 8 | ശ്രീമതി.ആരതി രാജു | | 12-12-2017 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 01/25-10-2018) മറുപടിയായി വരും വർഷങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണെന്നും പെർമിറ്റ് രജിസ്റ്ററിൽ മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് ആവശ്യമായ രേഖപ്പെടുത്തൽ നടത്തി അടുത്ത ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും മറുപടി നൽകി. പ്രസ്തുത മറുപടി തൃപ്തികരമല്ല. പഞ്ചായത്തിന്റെയും സദ്ഭരണം വർക്കിംഗ് ഗ്രൂപ്പിന്റെയും സജീവ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 2-3 ഇ-ടെണ്ടറിംഗ്, ടെണ്ടറിംഗ് ഫോറം വില ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയില്ല

2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടറിംഗ് മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫോറം വിലയായ 30,550/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് താല്ക്കാലികമായി ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഷോപ്പിംഗ് കോംപ്ളക്സ് വാടക, ഈടാക്കാനവശേഷിക്കുന്ന തുക ഈടാക്കിയിട്ടില്ല.

2017-18 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിൽ കുടിശ്ശിക ആയി 101893/- രൂപയും തൻവർഷത്തെ വാടകയായി 53496/- രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/30-10-2017) വാടക കുടിശ്ശികയിൽ 101893/- രൂപയിൽ 18240/- രൂപ 03-04-2018 ൽ 118050100025 നമ്പർ രസീത് പ്രകാരവും തൻവർഷത്തെ വാടകയായ 53496/- രൂപയിൽ 19152/- രൂപ 03-04-2018 ൽ 118050100025 നമ്പർ രസീത് പ്രകാരവും ഒടുക്ക് വരുത്തിയിട്ടുള്ളതായി മറുപടി നൽകി. കൂടാതെ വാടക കുടിശ്ശിക സംബന്ധിച്ച എൻക്വയറിക്ക് നൽകിയ മറുപടിയിൽ വ്യക്തമാക്കിയ കുടിശ്ശിക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു

| വർഷം | കുടിശ്ശിക വരുത്തിയ വ്യക്തിയുടെ പേര് | സ്റ്റാൾ നം | വാടക | കാലാവധി | ആകെ |
|---|---|---|---|---|---|
| 2015-16 | ശ്രീ.ബൈജു ജോർജ്, ചമ്പാവിൽ വീട് | 12 | 350 X 12 =4200 | 04/15 മുതൽ 03/16 | 4200 |
| | ശ്രീ.ബെൻസി, കടയിൽ വീട് | 27 | 420 X 11= 4620 | 05/15 മുതൽ 03/16 | 4620 |
| 2016-17 | ശ്രീ.ബൈജു ജോർജ്, | 12 | 437 X 12 = 5244 | 04/16 മുതൽ 03/17 | 5244 |

| | | | | | |
|---|---|---|---|---|---|
| | ചമ്പാവിൽ വീട് | | | | |
| | ശ്രീ.ബൈജു ജോർജ്, ചമ്പാവിൽ വീട് | 25 | 532 X 12 = 6384 | 04/16 മുതൽ 03/17 | 6384 |
| | ശ്രീ.ബെൻസി, കടയിൽ വീട് | 26 | 483 X 12 = 5796 | 04/16 മുതൽ 03/17 | 5796 |
| | ശ്രീ.ബെൻസി, കടയിൽ വീട് | 27 | 483 X 12 = 5796 | 04/16 മുതൽ 03/17 | 5796 |
| 2017-18 | ശ്രീ.ബൈജു ജോർജ്, ചമ്പാവിൽ വീട് | 12 | 459 X 12 = 5508 | 04/17 മുതൽ 03/18 | 5508 |
| | ശ്രീ.ബൈജു ജോർജ്, ചമ്പാവിൽ വീട് | 25 | 559 X 12 =6708 | 04/17 മുതൽ 03/18 | 6708 |
| | ശ്രീ.ബെൻസി, കടയിൽ വീട് | 26 | 508 X 12 = 6096 | 04/17 മുതൽ 03/18 | 6096 |
| | ശ്രീ.ബെൻസി, കടയിൽ വീട് | 27 | 508 X 12 = 6096 | 04/17 മുതൽ 03/18 | 6096 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് ഷോപ്പിംഗ് കോംപ്ലക്സ് ലേലം അംഗീകരിച്ച തീയതി, സോൾവൻസി സംബന്ധിച്ച വിവരങ്ങൾ എന്നിവ ഹാജരാക്കിയില്ല. കൂടാതെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം തിരിച്ചടയ്ക്കാനുണ്ടായിരുന്ന തുക 101893/- രൂപയിൽ അടച്ച തുക 18240/- രൂപ കഴിച്ചാൽ 83653/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. തൻവർഷത്തെ തുക 53496/- രൂപയിൽ അടച്ച തുക 19152/- രൂപ കിഴിച്ചാൽ ബാക്കി 34344/- രൂപ അവശേഷിക്കുന്നു.

മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം അരിയർ ഇനത്തിലും തൻവർഷവും പിരിച്ചെടുക്കാനുള്ള തുക ബാലൻസ് ഷീറ്റിലെ B 15 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയിന്മേൽ സ്വീകരിച്ച നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-5 തൊഴിൽ നികുതി- കുറവായി ഈടാക്കിയ തുക ഒടുക്ക വരുത്തി- ഓഡിറ്റ് ഇംപാക്ട്

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിന്റെയും അനുബന്ധ രേഖകളുടെയും പരിശോധനയിൽ ചുവടെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ആനുപാതികമായി ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക, കാര്യാലയം | ആകെ അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | ശ്രീമതി.സോണിയ ജേക്കബ്, പാർട്ട് ടൈം ടീച്ചർ, കുടവൂർകോണം ഗവ.എച്ച്.എസ് | 126540 | 1250 | 1000 | 250 |
| 2 | ശ്രീ.ആർ.എസ്.രഞ്ജിത്ത്, ക്ലർക്ക്, കുടവൂർകോണം ഗവ.എച്ച്.എസ് | 129960 | 1250 | 1000 | 250 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 14/26-10-2018) നൽകിയതിനെതുടർന്ന് ടി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഗ്രാമപഞ്ചായത്തിൽ ഒടുക്കു വരുത്തി രസീത് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തി.

## 2-6 വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം (3) പ്രകാരം ഓരോ കെട്ടിടത്തിനും വസ്തുനികുതി ചുമത്തേണ്ടതാണ്. 2017-18 വർഷത്തെ വസ്തുനികുതിയുമായി ബന്ധപ്പെട്ട പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു. വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് 2013-ൽ പഞ്ചായത്ത് പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ, വസ്തുനികുതി നിർണ്ണയത്തിനുള്ള അപേക്ഷ, ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല. മേൽ സൂചിപ്പിച്ച വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/29.10.2018) നോട്ടിഫിക്കേഷൻ തിരച്ചിൽ നടത്തി ഓഡിറ്റിൽ സമർപ്പിക്കുന്നതാണെന്ന മറുപടി നൽകി. വസ്തുനികുതി നോട്ടിഫിക്കേഷൻ പഞ്ചായത്തിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖയാണ്. നോട്ടിഫിക്കേഷൻ ഇല്ലാതെ വസ്തുനികുതി നിർണ്ണയം നടത്തുന്നത് ആധികാരികമല്ല. 2017-18 വർഷം വസ്തുനികുതി നിർണ്ണയിച്ച അപേക്ഷകളും അവയുടെ ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ടും നിശ്ചയിച്ച നികുതിയുടെ ഫയലും സഞ്ജയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും (സഞ്ജയ സോഫ്റ്റ്‌വെയർ ഫോം 6 soft copy) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ ദാരിദ്ര്യലഘൂകരണം, ചെറുകിട വ്യവസായം ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകൾ വാർഡ് അടിസ്ഥാനത്തിലാണ് മീറ്റിംഗ് കൂടിയിട്ടുള്ളത്. അജണ്ട രേഖപ്പെടുത്തുന്നില്ല. മിനിട്സ് ക്ലോസ് ചെയ്ത് ചെയർമാനും കൺവീനറും ഒപ്പിട്ടിട്ടില്ല. ദുരന്ത നിവാരണത്തിന് പുതിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പ്രധാന വിലയിരുത്തലുകൾ ചുവടെ ചേർക്കുന്നു

| സ്റ്റാൻഡിംഗ് കമ്മിറ്റി | വർക്കിംഗ് ഗ്രൂപ്പ് മേഖലകൾ | നടപടി |
|---|---|---|

| | | |
|---|---|---|
| ധനകാര്യം | പൊതുഭരണം-കണക്കുകളും രേഖകളും തയ്യാറാക്കൽ | പെർമിറ്റ് രജിസ്റ്റർ ക്രമപ്രകാരമല്ല എഴുതി സൂക്ഷിച്ചിരിക്കുന്നത്.<br>വൗച്ചറുകളുടെ പരിപാലനം തൃപ്തികരമല്ല. |
| വികസനം | 1. കൃഷിയും അനുബന്ധ മേഖലയും<br>2.മൃഗ സംരക്ഷണം | സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് പ്രശ്നങ്ങൾ ചർച്ച് ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി നിർദ്ദേശിക്കുന്നില്ല |
| വികസനം | പൊതുമരാമത്ത് | തുക വിഭജിക്കുമ്പോൾ വാർഡിന് പകരം പഞ്ചായത്ത് എന്ന സങ്കൽപ്പത്തിന് ഊന്നൽ നൽകണം എന്ന് 12-04-17- ലെ<br>കമ്മിറ്റി നിർദ്ദേശിച്ചെങ്കിലും നടപ്പിലാക്കിയില്ല |
| ക്ഷേമകാര്യം | 1.ദാരിദ്ര്യ ലഘൂകരണം<br>2. സാമൂഹ്യക്ഷേമം<br>3. പട്ടികജാതി പട്ടിക വർഗ്ഗ വികസനം<br>4. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം | നിർദ്ദേശങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു |

## 3-2 വാഹനത്തിന്റെ പരിപാലനം തൃപ്തികരമല്ല

പഞ്ചായത്ത് വാഹനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പരിപാലനത്തിൽ ജി.ഓ (എം.എസ്)170/2017/ തസ്വഭവ തീയതി 30-06-2007 ലെ ചുവടെപ്പറയുന്ന നിബന്ധനകൾ പാലിച്ചിട്ടില്ല.

വാഹനത്തിന്റെ പെട്രോൾ/ഡീസൽ, ഗ്യാസ്,ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ പരിപാലിക്കണം

ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി സർട്ടിഫൈ ചെയ്യണം

വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കണം

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ കാലാകാലങ്ങളിൽ വാഹനങ്ങൾ പരിശോധിക്കണം

സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 വൗച്ചറുകളുടെ പരിപാലനം തൃപ്തികരമല്ല- അനുബന്ധ രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു - 238025/-

2017-18 സാമ്പത്തിക വർഷത്തെ വൗച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

എ) വൗച്ചറുകളുടെ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.

ചുവടെപ്പറയുന്ന വൗച്ചറുകളുടെ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/26-10-2018) തുകകൾ യഥാവിധി ചെലവഴിച്ചിട്ടുള്ളതാണെന്നും ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് രസീതുകൾ ബന്ധപ്പെട്ട കാര്യാലയങ്ങളിൽ നിന്നും രേഖാമൂലം വാങ്ങി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. ഇക്കാരണത്താൽ 238025/- രൂപയുടെ ചെലവ് താൽക്കാലികമായി തടസ്സപ്പെടുത്തുന്നു.

| തീയതി | ഇനം | ചെലവഴിച്ച തുക | വൗച്ചർ നമ്പർ | അനുബന്ധ രേഖകൾ ഹാജരാക്കേണ്ടത് |
|---|---|---|---|---|
| 30-05-2017 | ടെലഫോൺ ചാർജ്ജസ്- MGNREGS | 1247 | 70 | തുക അടച്ച രസീത് |
| 30-05-2017 | ഇലക്ട്രിസിറ്റി ചാർജസ് ഫോർ അദർ ഓപ്പറേഷൻസ് | 174 | 71 | തുക അടച്ച രസീത് |
| 30-05-2017 | പ്രിന്റിംഗ് ചാർജ്ജസ് | 94500 | 75 | ക്വട്ടേഷൻ സ്വീകരിച്ചതിന്റെ രേഖകൾ, പ്രിന്റിംഗ് കോപ്പികൾ സ്റ്റോക്കിലെടുത്ത വിവരം, കൈപ്പറ്റ് രസീത് മുതലായവ |
| 15-07-2017 | റിപ്പയേഴ്സ് ആന്റ് മെയിന്റനൻസ്- മൂവബിൾ അസറ്റ്സ് | 7281 | 33 & 34 | റിപ്പയർ ചെയ്തതിന്റെ രേഖകൾ, കൈപ്പറ്റ് രസീത് |
| 15-07-2017 | പ്രിന്റിംഗ് ചാർജ്ജസ് | 35951 | 30 | ക്വട്ടേഷൻ, സ്റ്റോക്ക് രേഖകൾ, കൈപ്പറ്റ് രസീത് മുതലായവ |
| 15-07-2017 | ഇലക്ട്രിസിറ്റി ചാർജ്ജസ് ഓഫ് സ്ട്രീറ്റ് ലൈറ്റ്സ് | 75353 | 40 | തുക അടച്ച രസീത് |

| | | | | |
|---|---|---|---|---|
| 15-07-2017 | ഇലക്ട്രിസിറ്റി ചാർജ്ജസ് ഓഫ് സ്ട്രീറ്റ് ലൈറ്റ്സ് | 21961 | 41 | തുക അടച്ച രസീത് |
| 21-07-2017 | അദർ ഐറ്റംസ് | 1000 | 48 | 1000/- രൂപ ചെലവിന്റെ അനുബന്ധരേഖകൾ ഹാജരാക്കിയത് |
| 24-07-2017 | ഇലക്ട്രിസിറ്റി ചാർജ്ജസ്- ട്രാൻസ്ഫേർഡ് ഇൻസ്റ്റിറ്റ്യൂഷൻസ് | 558 | 54 | തുക അടച്ച രസീത് ഹാജരാക്കിയിട്ടില്ല |
| ആകെ | | 238025 | | |

ബി) <u>വൗച്ചറുകൾക്ക് കൃത്യമായി നമ്പർ നൽകുന്നില്ല.</u>

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ അദ്ധ്യായം 2 ചട്ടം 10 ഉപചട്ടം 2,3 പ്രകാരം ഓരോ ധനകാര്യ ഇടപാടിനെയും അധികാരപ്പെടുത്തുന്ന രേഖകളുടെ ഉപരിപത്രമായിട്ടായിരിക്കണം വൗച്ചറുകൾ ഉപയോഗിക്കേണ്ടത്. ഓരോ തരം വൗച്ചറിനും പ്രത്യേകം ക്രമനമ്പരുകൾ നൽകേണ്ടതാണ്. 2017 നവംബർ, ഡിസംബർ മാസങ്ങളിലെ വൗച്ചറുകൾക്ക് നമ്പർ നൽകിയിട്ടില്ല.

സി) <u>മസ്റ്റർ റോളുകളിൽ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നില്ല</u>

| ബിൽ നമ്പർ/ വൗച്ചർ നമ്പർ | തുക കൈപ്പറ്റിയ വ്യക്തി | തുക | അപാകത |
|---|---|---|---|
| 5170004/03-04-17 | ശ്രീ.അരുൺ, ജിപ്പ് ഡ്രൈവർ | 17550 | മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല |
| | ശ്രീമതി.കെ.ഷീബ, ലൈബ്രറി അസി. | 16200 | മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല |
| | ശ്രീ.ബി.ശശിധരൻ, ഫെറിമാൻ | 10850 | മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല |
| 51700050/03-05-2017 | ശ്രീമതി.കെ.ഷീബ, ലൈബ്രറി അസി. | 14400 | 23 ദിവസത്തെ ഹാജർ മാത്രമാണ് മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 24 ദിവസത്തെ വേതനം നൽകിയിരിക്കുന്നു (24 X 600= 14400) |

## 3-4 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നത് നിയമവിരുദ്ധം

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2017-18 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശവും സ.ഉ(എം.എസ്) 80/2017/ത.സ്വ.ഭ.വ തീയതി 03-04-2017 ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർക്കാർ മാർഗ്ഗ നിർദ്ദേശം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|
| 1 | വ്യാപകമായ പ്രചാരണം നൽകി ആവശ്യമുള്ള മുഴുവൻ പേർക്കും അപേക്ഷ നൽകാനുള്ള അവസാന തീയതിയും സമയവും നിശ്ചയിക്കൽ | നിർദ്ദേശം പാലിച്ചിട്ടില്ല |
| 2 | അപേക്ഷ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം | അപേക്ഷകൾ ഹാജരാക്കിയിട്ടില്ല. അപ്രകാരമുള്ള രേഖകൾ ലഭ്യമല്ല |
| 3 | അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം | അപേക്ഷകൾ ഹാജരാക്കാത്തതിനാൽ പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല |
| 4 | ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം | ടി |
| 5 | പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാ ലിസ്റ്റ് പുതുക്കി തയ്യാറാക്കണം | ടി |
| 6 | കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി മിനിട്സ് രേഖപ്പെടുത്തണം | ടി |
| 7 | ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ച് നൽകണം | തീരുമാനമായി അംഗീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 8 | പഞ്ചായത്ത് തല ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കണം | ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. വാർഡ് തല ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(9) പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകുന്ന അതത് വാർഡുകളിലുള്ള അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകരെ കൂടി ക്ഷണിച്ചുകൊണ്ടുള്ള ഗ്രാമസഭാ യോഗത്തിൽ വച്ച് സൂക്ഷ്മ പരിശോധന നടത്തേണ്ടതും മുൻഗണനാ ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമം അനുവർത്തിക്കാതെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ആനുകൂല്യം നൽകിയിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം. പേര് | അടങ്കൽ തുക | ചെലവ് തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ ഗുണഭോക്താക്കൾ | ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ | പഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ |
|---|---|---|---|---|---|---|
| 22/18 ജൈവ സമൃദ്ധി | 459600 | 459600 | കൃഷി ഓഫീസർ | 37 | 0 | 37 |
| 18/18 വാഴകൃഷി വികസനം | 99000 | 99000 | കൃഷി ഓഫീസർ | 88 | 34 | 54 (17 പേർക്ക് ഗ്രാമസഭ സാധൂകരണം നൽകി) |
| 19/18 കിഴങ്ങ് കൃഷി വികസനം | 127125 | 127125 | കൃഷി ഓഫീസർ | 108 | 43 | 65 (18 പേർക്ക് ഗ്രാമസഭ സാധൂകരണം നൽകി) |
| 20/18 തെങ്ങ് കൃഷി വികസനം | 69420 | 69420 | കൃഷി ഓഫീസർ | 39 | 12 | 27(11പേർക്ക് ഗ്രാമസഭ സാധൂകരണം നൽകി) |
| 26/18 കന്നുകുട്ടി പരിപാലനം | 1250000 | 562500 | വെറ്റിനറി സർജൻ | 45 | 17 | 28 |

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (09/25-10-17, 15/26-10-17) മതിയായ എണ്ണം ഗുണഭോക്താക്കളെ ലഭിക്കാത്ത സാഹചര്യത്തിൽ ഭരണ സമിതി നൽകുന്ന ലിസ്റ്റ് പ്രകാരം ആനുകൂല്യം നൽകി ആയത് അടുത്ത ഗ്രാമസഭയിൽ വച്ച് സാധൂകരിക്കുമെന്ന ഉറപ്പിന്മേൽ ആണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കി.

ജി.ഓ(എം.എസ്)നം.72/2017 തസ്വഭവ 29-03-2017 ഖണ്ഡിക 5.7(1,2) പ്രകാരം അന്തിമ പദ്ധതി രൂപീകരണം, ഓരോ പ്രോജക്റ്റിന്റെയും യുക്തി ക്ഷമത, പ്രായോഗികത ,നിയമസാധുത, വിജയസാദ്ധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പ് വരുത്തണം. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് കീഴിലുള്ള മേൽ പദ്ധതികളിൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ യഥാവിധി പിൻതുടർന്നതിലുള്ള വീഴ്ച കാരണമാണ് ഇത്തരം അപാകതകൾ സംഭവിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 3-5 വെള്ളക്കരമിനത്തിൽ 96,12,597 രൂപയുടെ കുടിശ്ശിക

18-04-2018 ലെ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആറ്റിങ്ങലിന്റെ ഡിമാന്റ് നോട്ടീസ് പ്രകാരം, ഗ്രാമപഞ്ചായത്ത് പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 31-03-2018 വരെ 96,12,597/- രൂപ കുടിശ്ശികയായി (പിഴപ്പലിശയുൾപ്പെടെ) ഒടുക്കു വരുത്താനുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

കുടിശ്ശിക - 94,27,622

പിഴ - 1,84,975

ആകെ - 96,12,597

ഏറ്റവും ഒടുവിൽ ലഭിച്ച ഡിമാന്റ് നോട്ടീസ് (09-08-2018) പ്രകാരം 1,10,72,002/- രൂപയാണ് കുടിശ്ശിക ഇനത്തിൽ ഒടുക്കുവാനവശേഷിക്കുന്നത്. കുടിശ്ശിക ഒടുക്കു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വികസന- ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-6 കുടിവെള്ള ടാപ്പുകളുടെ പരിപാലനം- സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് കുടിവെള്ള ടാപ്പുകളുടെ പരിപാലനത്തിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. പഞ്ചായത്തിലെ സാമ്പത്തിക ചെലവുകളുടെ മേൽനോട്ട ചുമതലയുള്ള ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് സംബന്ധിച്ച് അവലോകനം നടത്തുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. (അവലംബം മിനിട്സ്)

## 3-7 പഞ്ചായത്ത് കെട്ടിടത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ- അപാകതകൾ

പ്രോജക്റ്റ് നമ്പർ - 193/17-18

ബിൽ നമ്പർ -

അടങ്കൽ - 300000

ചെലവ് - 299000

നിർവ്വഹണം - സെക്രട്ടറി

സംസ്ഥാന ഊർജ്ജ വകുപ്പിന്റെയും അനെർട്ടിന്റെയും ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെയും മേൽക്കൂരകളിൽ സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിച്ച് വൈദ്യുതോല്പാദനം നടത്തുന്നതിനുള്ള പ്രോജക്ടാണിത്. പ്രസ്തുത പ്രോജക്ടിന്റെ സാദ്ധ്യതാ പഠനം സി-ഡിറ്റ് മുഖേന നടത്തുന്നതിനായി സർക്കാർ ഉത്തരവ് [നം.ജി.ഓ(ആർ.ടി)നം 113/2017/PD തീയതി 31-03-2017] അനുസരിച്ച് തീരുമാനിച്ചിട്ടുണ്ട്. സാദ്ധ്യതാ പഠനത്തിന് സന്നദ്ധമാണെന്ന് 26-12-2017 ലെ എ.3/6798/17 നമ്പരിലുള്ള സെക്രട്ടറിയുടെ കത്ത് പ്രകാരം അനെർട്ടിനെ അറിയിക്കുകയുണ്ടായി. എന്നാൽ ഫയൽ പരിശോധിച്ചതിൽ അത്തരത്തിലൊരു സാദ്ധ്യതാ പഠനം നടത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം30 ) മറുപടി ലഭ്യമാക്കിയില്ല.

മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവബിൾ എനർജിയുടെ 19-11-2015 ലെ വിജ്ഞാപനം പ്രകാരം സോളാർ പ്ലാന്റിന്റെ ബെഞ്ച് മാർക്ക് വിലയുടെ 30% സബ്സിഡിക്ക് അർഹതയുണ്ട്. എന്നാൽ അത്തരത്തിൽ സബ്സിഡി പഞ്ചായത്ത് നേടിയെടുത്തതായി ഫയലിൽ രേഖപ്പെടുത്തലില്ല. ആയത് ലഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതുണ്ട്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-8 തെരുവ് വിളക്ക് പരിപാലനം-നിർദ്ദിഷ്ട മാതൃകയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല- അനിവാര്യ ചുമതല നിർവ്വഹിക്കുന്നില്ല

തെരുവ് വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ തെരുവ് വിളക്കുകളുടെ കണക്കുകൾ സൂക്ഷിക്കുന്നതിലും മീറ്റർ സ്ഥാപിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്ക് ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ 971239 രൂപ ചെലവഴിച്ചിട്ടുണ്ട്(അവലംബം AFS RP 13). കെ.എസ്.ഇ.ബി ലഭ്യമാക്കുന്ന ഡിമാന്റിനെ ആധാരമാക്കിയാണ് ഇലക്ട്രിസിറ്റി ചാർജ് ഒടുക്കി വരുന്നത്. വാർഡ് തിരിച്ചുള്ള പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ കണക്ക് സ്ഥാപനം സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധനയും നടത്തിയിട്ടില്ല.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 19-07-2017 ലെ യോഗത്തിൽ പൊതു ടാപ്പുകൾ, തെരുവ് വിളക്കുകൾ എന്നിവയുടെ കണക്ക് വാർഡ് അടിസ്ഥാനത്തിൽ എടുത്ത് നൽകണമെന്ന മുൻശുപാർശ നാളിതുവരെ മെമ്പർമാർ ഗൗരവമായി എടുത്തിട്ടില്ലായെന്ന് വിലയിരുത്തുകയും ആയത് അടിയന്തിരമായി ശേഖരിക്കുന്നതിന് വാർഡ് മെമ്പർമാർ മുൻകൈ എടുക്കണമെന്ന് ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

| ക്രമ നം. | നിബന്ധന | നടപടിക്രമം |
|---|---|---|
| 1 | 17-08-2015 ലെ ജി.2-44274/15 ാം നമ്പരിലെ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശത്തിൽ, അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. പ്രസ്തുത മാർഗ്ഗ നിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം റിസർവ് ആയി കരുതാവുന്നതാണെന്ന നിഷ്കർഷിക്കുന്നു | രജിസ്റ്റർ സൂക്ഷിക്കുന്നില്ല |

| | | |
|---|---|---|
| | | |
| 2 | സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീക്കൺസിൽ ചെയ്തതായി സെക്രട്ടറി ഉറപ്പു വരുത്തണം | അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല |
| 3 | കേടായ സാധനങ്ങളുടെ വിവരം അതാത് ദിവസം രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കണം | രജിസ്റ്റർ പരിപാലിക്കുന്നില്ല |
| 4 | വാർഡ് തല മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണം | രൂപീകരിച്ചിട്ടില്ല |
| 5 | മെയിന്റൻസ് രജിസ്റ്റർ പരിപാലിക്കണം | രജിസ്റ്റർ പരിപാലിക്കുന്നില്ല |

മേല്പറഞ്ഞ അപാകങ്ങൾ പരിഹരിച്ച് തെരുവ് വിളക്കുകളുടെ പരിപാലനവും നടത്തിപ്പും കുറ്റമറ്റരീതിയിലാക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## **3-9** ആയുർവേദ ആശുപത്രി- ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- അപാകതകൾ

പ്രോജക്ട് നമ്പർ - 096/18

പ്രോജക്ടിന്റെ പേര് - ആയുർവേദ ആശുപത്രി- ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

അടങ്കൽ - 44781

ചെലവ് - 44780

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ആയുർവേദം)

(വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി)

ബിൽ നമ്പർ- 08/17-18 തീയതി 17-02-2018 , 44375/- രൂപ

09/17-18 തീയതി 21-02-2018, 405/- രൂപ

മേൽ പ്രോജക്ട് ആരോഗ്യ/വികസന വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വച്ചതല്ല. പ്രോജക്ടിന് അംഗീകാരം നൽകിയിരിക്കുന്നത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 12-04-2017 ലെ I(1) നമ്പർ തീരുമാനപ്രകാരവും പഞ്ചായത്ത് കമ്മിറ്റിയുടെ 21-04-2017 ലെ I(2) നമ്പർ തീരുമാനപ്രകാരവുമാണ്. എന്നാൽ പ്രസ്തുത മിനിട്സുകളുടെ പരിശോധനയിൽ ഇപ്രകാരമുള്ള തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത പ്രോജക്ടിലേക്കാവശ്യമായ സാധനസാമഗ്രികളുടെ ലിസ്റ്റ് സഹിതം പ്രോജക്ട് നടപ്പിലാക്കാനാവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥൻ പഞ്ചായത്തിലേക്ക് കത്ത് നൽകിയിട്ടുള്ളതായും കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആരോഗ്യ മേഖലയിൽ അതീവ ഗുരുതര വിഭാഗത്തിൽ ഉൾപ്പെടുന്ന പകർച്ച വ്യാധി നിയന്ത്രണം, ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം, ലഹരി ബോധവൽക്കരണം എന്നീ മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച നടപ്പിലാക്കാൻ ശ്രമിച്ചിട്ടുമില്ല. പ്രശ്നപരിഹാരമായി പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് സ്ഥിരം സമിതികൾ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-10 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചില്ല- ഭൗതിക സാഹചര്യമൊരുക്കാതെ മെഷീൻ വാങ്ങി- പദ്ധതി ലക്ഷ്യം കണ്ടില്ല

പ്രോജക്ട് നമ്പർ - 195/17-18

പ്രോജക്ടിന്റെ പേര് - പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്- മെഷീൻ വാങ്ങൽ

അടങ്കൽ - 2,00,000/- (സി.എഫ്.സി)

ചെലവ് - 1,65,000/-

ബിൽ നമ്പർ - 53/24-03-18

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.സി അംഗീകരിച്ച പ്രോജക്ടാണിത്. ടെണ്ടർ ക്ഷണിച്ചതിൽ എം. എച്ച്. റ്റി. എഞ്ചിനീയറിംഗ്, ചെന്നൈ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. (തീരുമാനം നമ്പർ ll/3 തീയതി 25-01-17). 2017-18 സാമ്പത്തിക വർഷ പദ്ധതിയിൽ തുക വകയിരുത്തി 165000 രൂപ മെഷീൻ വാങ്ങുന്നതിന് മേൽ പറഞ്ഞ സ്ഥാപനത്തിന് നൽകി. കമ്പനിയുടെ ഇൻവോയിസ് പ്രകാരം ഷ്രെഡിംഗ് മെഷീനിന്റെ സപ്ലൈ, ഇറക്ഷൻ, കമ്മീഷനിംഗ് എന്നിവയ്ക്കാണ് ചെലവ് കണക്കാക്കിയിരുന്നത്. എന്നാൽ മെഷീന്റെ വിതരണം മാത്രമേ നടത്തിയിട്ടുള്ളൂ. 2016-17 വർഷം മെഷീൻ വാങ്ങാൻ പ്രോജക്ട് വച്ചെങ്കിലും പ്രസ്തുത മെഷീൻ സ്ഥാപിക്കുന്നതിന് ഭൗതിക സാഹചര്യം ഒരുക്കുന്നതിന് 2017-18 വർഷത്തിൽ മാത്രമാണ് പ്രോജക്ട് വച്ചത് (അസി.എഞ്ചിനീയറുടെ പ്രോജക്ട് നമ്പർ 287/18). എന്നാൽ മേൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിയുടെ ലക്ഷ്യം നാളിതുവരെയും കൈവരിക്കാൻ സാധിച്ചിട്ടില്ല. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ മോണിട്ടറിംഗ് റിപ്പോർട്ടിൽ പ്രോജക്ടിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ ധൂർത്തോ ദുർവ്യയമോ ഇല്ലാതെ കൈവരിക്കാൻ കഴിഞ്ഞു എന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും മെഷീൻ ഇതു വരെയും സ്ഥാപിക്കുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. പദ്ധതി പ്രാവർത്തികമാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

## 3-11 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലുംനടപ്പിലാക്കിയില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം , പ്ലാസ്റ്റിക് ക്യാരി ബാഗുകളിലും മൾട്ടി ലെയർ പാക്കുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരിൽ നിന്ന് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ, വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4000/- രൂപ നിരിക്കിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന ഫീസിനത്തിൽ തദ്ദേശസ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമവിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24-09-2014 ലെ 576/ഡി.സി 1/16 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം മാലിന്യ നിർമ്മാർജ്ജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അതിന്മേൽ ഗ്രാമപഞ്ചായത്ത് 2017-18 വർഷം നടപടികൾ സ്വീകരിച്ചു കാണുന്നില്ല. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-12 കുടിവെള്ള പ്രശ്ന പരിഹാരത്തിന് പദ്ധതികൾ ആവിഷ്കരിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുന്നില്ല

സ്റ്റാറ്റസ് റിപ്പോർട്ട്, അന്തിമ പദ്ധതി രേഖ എന്നിവ പ്രകാരം കുടിവെള്ള പ്രശ്നം പരിഹരിക്കാൻ താഴെപ്പറയുന്ന മരാമത്ത് പദ്ധതികളെപ്പറ്റി പരാമർശിച്ചിട്ടുണ്ടെങ്കിലും 2017-18 വർഷം ആവിഷ്കരിച്ചിട്ടില്ല. കുടിവെള്ളവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് കുടിവെള്ള പ്രശ്ന പരിഹാരത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട് (അവലംബം-മിനിട്സ്). വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അറ്റകുറ്റപ്പണി ചെയ്യേണ്ടവ | പുതുതായി നിർമ്മിക്കേണ്ടവ | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | പൊതുകിണർ | 12 | 8 | പ്രോജക്ട് ആവിഷ്കരിച്ചില്ല |
| 2 | കുളങ്ങൾ | 21 | - | |

സ്റ്റാറ്റസ് റിപ്പോർട്ടിൽ പറയുന്ന പ്രശ്നങ്ങൾക്ക് പതിമൂന്നാം പദ്ധതി ലക്ഷ്യമിട്ട പ്രകാരം മുൻഗണന നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നിയമപരമായ ചുമതല ഇക്കാര്യത്തിൽ നിർവ്വഹിച്ചില്ലെന്ന് വിലയിരുത്തുന്നു.

## 3-13 സേവാ ഗ്രാമകേന്ദ്രങ്ങൾ - ഒരു വാർഡിലും പ്രവർത്തിക്കുന്നില്ല

ഗ്രാമസഭാംഗങ്ങളുടെ ഒത്തു ചേരലിനും കാര്യക്ഷമമായ തുടർപ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആസ്ഥാനമാണ് ഗ്രാമകേന്ദ്രങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന എക്സ്റ്റൻഷൻ കേന്ദ്രമായും വിവിധ ചുമതലകൾ വാർഡ് തലത്തിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രമായും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കണമെന്നും ഗ്രാമകേന്ദ്രം പ്രവർത്തന മാർഗ്ഗരേഖയിൽ ജി.ഒ(എം.എസ്) /112/2014/ തസ്വഭവ തീയതി 25-06-2014 നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരു വാർഡിലും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല.

## 3-14 ആശ്രയ പദ്ധതി ഭവന നിർമ്മാണം - ലക്ഷ്യം കൈവരിച്ചില്ല

2016-17 ൽ ആരംഭിച്ച ആശ്രയ ഭവന നിർമ്മാണ പദ്ധതി തൻവർഷം പൂർത്തിയാകാത്തതിനെ തുടർന്ന് 2017-18 വർഷം സ്പിൽ ഓവർ ആയി നടപ്പിലാക്കി. ഒരു ഗുണഭോക്താവിന് 250000/- രൂപ വീതം 4 ഗുണഭോക്താക്കൾക്ക് 10,00,000/- രൂപ അടങ്കൽ തുക നിശ്ചയിച്ച് പദ്ധതി നടപ്പിലാക്കി. രണ്ട് ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റാൻ കരാർ ചമച്ചെങ്കിലും ഒരാൾ മാത്രമാണ് തുക കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചത്. ശ്രീമതി.ഭാഗീരഥി , കോണത്ത് വീട്, കീഴാറ്റിങ്ങൽ എന്ന ഗുണഭോക്താവ് 1,00,000 രൂപ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ജി.ഒ (എം.എസ്) നമ്പർ 72/2017/തസ്വഭവ തീയതി 28-03-2017 ഖണ്ഡിക 6.8(2) അനുസരിച്ച് സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. മാർഗ്ഗ രേഖ പ്രകാരം തുടർന്നുള്ള വർഷത്തിൽ പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ചെലവ് തുക പാഴ്ചെലവായി മാറുന്ന ഇത്തരം സാഹചര്യം ഒഴവാക്കേണ്ടതും പദ്ധതികൾ ലക്ഷ്യപ്രാപ്തിയെത്താൻ സാധിക്കും വിധം കൃത്യമായും സമയബന്ധിതമായും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിലുള്ള പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ ലഘൂകരണം എന്നീ വർക്കിംഗ് ഗ്രൂപ്പുകളിൽ പെടുന്ന പദ്ധതികളായ മൊബൈൽ സെയിൽസ് ആന്റ് സർവ്വീസ് യൂണിറ്റ്, വീട് വൈദ്യുതീകരണം, വീടിന്റെ മേൽക്കൂര മാറ്റൽ (എസ്.സി.പി) എന്നീ പദ്ധതികൾ

നടപ്പിലാക്കിയില്ല. ചെറുകിട വ്യവസായം പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം അതീവ ഗുരുതര മേഖലയിൽ ഉൾപ്പെട്ടതാണ്. ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട മറ്റ് പ്രോജക്ടുകളൊന്നും തന്നെ രൂപീകരിച്ചിട്ടില്ല. 12-02-2018 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കുട നിർമ്മാണം, മെഴുകുതിരി നിർമ്മാണം എന്നിവ നിർദ്ദേശിച്ചിരുന്നു എങ്കിലും ആയത് നടപ്പിലാക്കിയില്ല. മൊബൈൽ സെയിൽസ് ആന്റ് സർവ്വീസ് യൂണിറ്റ് പദ്ധതി രൂപീകരിച്ചെങ്കിലും ഗുണഭോക്താക്കൾ അനുബന്ധ രേഖകൾ ഹാജരാക്കുകയോ കരാർ ചമയ്ക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ പദ്ധതി റിവൈസ് ചെയ്ത് മറ്റ് ഗുണകരമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് പകരം, ഒരു ഗുണഭോക്താവ് പദ്ധതി ആനുകൂല്യം കൈപ്പറ്റാൻ തയ്യാറാണെന്ന് വാർഡ് മെമ്പർ അറിയിച്ചതിനെതുടർന്ന് ഒറ്റ ഗുണഭോക്താവിന് വേണ്ടി മാത്രം 37500 രൂപ അടങ്കൽ തുക നിശ്ചയിച്ച് (30000 വികസന ഫണ്ട്, 7500 ഗുണ.വിഹിതം) പദ്ധതി വീണ്ടും രൂപീകരിച്ചു. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കാത്തതിനാൽ പദ്ധതി നടപ്പിലായില്ല.

മേൽക്കൂര മാറ്റൽ എന്ന പദ്ധതിക്ക് 1 മുതൽ 9 വരെയുള്ള വാർഡിനെ ഒഴിവാക്കി 10-ാം വാർഡ് മുതലുള്ള ഗുണഭോക്താക്കളെ ആനുകൂല്യം നൽകാൻ തീരുമാനിച്ചതിനെ തുടർന്ന് (09-10-2017 ലെ I(28) നമ്പർ തീരുമാനം) പദ്ധതി നടപ്പിലാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ വിസമ്മതിക്കുകയും മേൽ തീരുമാനത്തിന് സ്പഷ്ടീകരണം ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ 27-10-2018 ൽ മാത്രമാണ് എല്ലാ വാർഡിലെയും ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ തീരുമാനിച്ചുകൊണ്ടുള്ള സ്പഷ്ടീകരണം നിർവ്വഹണോദ്യോഗസ്ഥന് ലഭിച്ചത്.

മേൽ സൂചിപ്പിച്ച വിഷയങ്ങൾ പദ്ധതി രൂപീകരണത്തിനും പൂർത്തീകരണത്തിനും തടസ്സം സൃഷ്ടിക്കുകയും പഞ്ചായത്തിന്റെ വികസനത്തിന് പ്രതികൂല സാഹചര്യം ഒരുക്കുകയും ചെയ്യുന്നു. ഭരണ സമിതി ഇക്കാര്യം ഗൗരവമായി വീക്ഷിക്കേണ്ടതാണ്.

## 3-16 അങ്കണവാടികൾക്ക് ഫർണിച്ചർ- അനുബന്ധ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

പ്രോജക്ട് നമ്പർ - 90

പ്രോജക്ടിന്റെ പേര് - അങ്കണവാടികൾക്ക് ഫർണിച്ചർ

അടങ്കൽ - 200000/- രൂപ

ചെലവ് - 149776/- രൂപ

ബിൽ നമ്പർ - 06/22-12-2017

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അങ്കണവാടികൾക്ക് 25 സ്റ്റീൽ കാബിനെറ്റ് വിത്ത് 3 ഫിക്സഡ് ഷെൽവ്സ് ആണ് ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുള്ളത്. പ്രസ്തുത പ്രോജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയ സപ്ലൈ ഓർഡർ, ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനെ തെരഞ്ഞെടുത്ത ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/23-10-18) ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയില്ല. സാധന സാമഗ്രികൾ പർച്ചേയ്സ് ചെയുമ്പോൾ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കുന്നുണ്ടെന്ന് സ്റ്റാൻഡിംഗ് കമ്മിറ്റി (ക്ഷേമകാര്യം) ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-17 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവത്സര പദ്ധതി മുതൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ട് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നാളിതുവരെയും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

## 3-18 <u>സ്ഥല ലഭ്യതയില്ലാതെ നിർമ്മാണ പദ്ധതി</u>

2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി (പ്രോജക്ട് നമ്പർ 65/18) പഞ്ചായത്ത് മെമ്പേഴ്സിന് ഹാളും അനുബന്ധ സൗകര്യങ്ങളും എന്ന പ്രോജക്ട് നടപ്പാക്കുന്നതിലേക്കായി ലോകബാങ്ക് സഹായമായി 765398/- രൂപ വകയിരുത്തുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തിക്കായി സ്ഥലം കൈമാറുവാൻ കഴിഞ്ഞിട്ടില്ല. സ്ഥലത്ത് എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ട് ഉപയോഗിച്ച് പുതിയൊരു കെട്ടിടം പണി ആരംഭിക്കാൻ പോകുന്നതായി അസി.എഞ്ചിനീയർ ഭരണസമിതിയെ അറിയിക്കുകയും 07-10-2017 ലെ ജനറൽ കമ്മിറ്റിയിൽ വിഷയം പരിഗണിക്കുകയും പ്രശ്നം പരിഹരിക്കുന്നതിലേക്കായി പ്രസിഡന്റ്, സെക്രട്ടറി, എം.ജി.എൻ.ആർ.ഇ.ജി.എസ് എ.ഇ, എൽ.എസ്.ജി.ഡി എ.ഇ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികളിൽ സ്ഥല ലഭ്യത ഉറപ്പാക്കുവാൻ ഭരണ സമിതി പ്രത്യേക ജാഗ്രത കാണിക്കേണ്ടതാണ്.

## 3-19 <u>രണ്ടായി മുറിച്ച് മരാമത്ത് പ്രവൃത്തി</u>

2017-18 ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ രണ്ട് മരാമത്ത് പ്രവൃത്തികളാണ് മാണിക്കൽ റോഡ് ഇന്റർലോക്ക് (നം.39/18), മാണിക്കൽ റോഡ് (140/18) എന്നിവ. പ്രസ്തുത പ്രവൃത്തികൾക്കായി മെയിന്റനൻസ് ഫണ്ട് (നോൺ- റോഡിൽ) നിന്ന് യഥാക്രമം 431000/- രൂപ, 275000/- രൂപ എന്നിങ്ങനെ വകയിരുത്തുകയും ഇന്റർലോക്ക് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ഇതിൽ ആദ്യ പദ്ധതിയായ 39/18 ന്46.67 % കോസ്റ്റ് ഇൻഡക്സ് അനുവദിച്ച് 2016-17 ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും ഇന്റർലോക്ക് ചെയ്യുകയും ചെയ്തിട്ടുള്ളതുമാണ് . എന്നാൽ 140/18 എന്ന പദ്ധതിക്ക് 2017-18 ൽ എസ്റ്റിമേറ്റ് തയ്യാറാക്കി 50.98 % കോസ്റ്റ് ഇൻഡക്സ് നൽകിയിട്ടുള്ളതുമാണ്. ഒരു റോഡിന്റെ തുടർച്ചയായ ഭാഗമാണ് ഇപ്രകാരം രണ്ടായി മുറിച്ച് പ്രവൃത്തി നൽകിയിട്ടുള്ളത്. 2016-17 ൽ റോഡ് പൂർണ്ണമായി ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നെങ്കിൽ കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ അധിക തുക നൽകേണ്ടി വരില്ലായിരുന്നു. കൂടാതെ ടെണ്ടർ ചെലവും കുറയ്ക്കാമായിരുന്നു. ഇതിലൂടെ പദ്ധതി ചെലവിൽ വർദ്ധന വന്നിട്ടുണ്ട്. ആയതിനാൽ ഇപ്രകാരം മരാമത്ത് പ്രവൃത്തികൾ മുറിച്ച് ചെയ്യുന്ന പ്രവണത കർശനമായും ഒഴിവാക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതും അധിക ചെലവ് ഒഴിവാക്കേണ്ടതുമാണ്.

പ്രവൃത്തിയുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് നമ്പർ - 391/8

അടങ്കൽ - 431000 (കോസ്റ്റ് ഇൻഡക്സ് 46.67 %)

ചെലവ് - 356325 (16.999% ടെണ്ടർ കിഴിവ്)

ബിൽ നമ്പർ - 31/31-10-2018

കരാറുകാരൻ - ശ്രീ.ജെ.അനിൽകുമാർ

ബി) പ്രോജക്ട് നമ്പർ - 140/18

അടങ്കൽ - 279000 (കോസ്റ്റ് ഇൻഡക്സ് 50.98%)

ചെലവ് - 173608 (0.1 % ടെണ്ടർ കിഴിവ്)

ബിൽ നമ്പർ - 47/27-01-2018)

കരാറുകാരൻ - ശ്രീ.ജെ.അനിൽകുമാർ

## 3-20 26 വർഷമായിട്ടും തീരാത്ത വായ്പ കുടിശ്ശിക

30-09-1992 ൽ ആണ് കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് ബോർഡ് മുഖാന്തിരം 735000/- രൂപ എസ്റ്റിമേറ്റിൽ ഗ്രാമപഞ്ചായത്ത് ഒരു മാർക്കറ്റ് സ്റ്റാൾ കെട്ടിടം നിർമ്മിക്കുന്നതിന് കരാറിൽ ഏർപ്പെടുന്നത്. 10-10-1992 ൽ കരാർ തുക 1027900/- ആയി പുതുക്കി നിശ്ചയിക്കുകയും (1992 ഷെഡ്യൂൾ നിരക്ക് പ്രകാരം) 10-04-1995 ൽ കെട്ടിടം പണി പൂർത്തിയാക്കി പഞ്ചായത്തിന് കൈമാറുകയും ചെയ്തു. ഗഡു സംഖ്യ തിരിച്ചടയ്ക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയതിനാൽ 31-03-2003 ൽ നിലനിന്നിരുന്ന കുടിശ്ശികയായ 1799210/- രൂപയും മുതൽ ബാക്കിയിനത്തിലുണ്ടായിരുന്ന 384546/- രൂപയും ചേർത്ത് 2143666/- രൂപ ഈടാക്കുന്നതിന് റൂറൽ ഡവ.ബോർഡ് ആർ.ആർ.നടപടികൾ സ്വീകരിച്ചു. തുടർന്ന് 17-04-2004 ൽ രണ്ട് ലക്ഷം രൂപ റൂറൽ ഡവലപ്മെന്റ് ബോർഡിന് നൽകി. തുടർന്ന് ഹൈക്കോടതിയിൽ ഗ്രാമപഞ്ചായത്ത് റിട്ട് (WP(C) 38047/2003 നൽകുകയും 11-01-2005 ലെ വിധിന്യായത്തിന്മേൽ സർക്കാർ വാദം കേൾക്കുകയും 16,30,715/- രൂപ 2007 മാർച്ച് 31 ന് 5 തുല്യ ഗഡുക്കളായി നൽകാൻ ഉത്തരവാകുകയും ചെയ്തു (ജി.ഓ.ആർ.ടി 2549/06/തസ്വഭവ തീയതി 16-10-2006).കോടതി ഉത്തരവിൻപ്രകാരം 3,00,000/- രൂപ റൂറൽ ഡവലപ്മെന്റ് ബാങ്കിന് നൽകുകയുണ്ടായി. തുടർന്ന് ഗ്രാമപഞ്ചായത്ത് വീണ്ടും ഹൈക്കോടതിയെ സമീപിക്കുകയും (WP(C) 31592/06) ആയതിനാൽ 28-06-2016 ലെ വിധി ന്യായത്തിൽ 5,00,000 രൂപ RDB (നിലവിൽ KURDFC Ltd) ന് നൽകുന്നതിന് സർക്കാരിനോട് വാദം കേൾക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് 01-02-2017 ലെ ജി.ഓ (ആർ.ടി) 279/17/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരവും കോടതി വിധി പ്രകാരവും 5,00,000/- രൂപ 11-05-2017 ൽ (വൗച്ചർ നമ്പർ 21700066) പ്രകാരം KURDFC യ്ക്ക് നൽകി. ലഭ്യമാക്കിയ ഫയൽ പ്രകാരം നാളിതുവരെ KURDFC യ്ക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക | ഡി.ഡി നമ്പർ, തീയതി |
|---|---|---|
| 1 | 115500/- | ലഭ്യമാക്കിയില്ല |
| 2 | 75,000/- | ഡി.ഡി നം.34195/04-10-1996 |
| 3 | 1,00,000/- | 945631/05-05-1997 |
| 4 | 1,00,000/- | 474436/13-07-1998 |
| 5 | 1,00,000/- | 695612/10-03-1999 |
| 6 | 50,000/- | 296944/27-09-1999 |
| 7 | 2,10,000/- | ആർ.ആർ നോട്ടീസ് പ്രകാരം 16-03-2004 ൽ |
| 8 | 315000/- | ആർ.ആർ നോട്ടീസ് പ്രകാരം 06-01-2006 ൽ |
| 9 | 3,00,000/- | ഹൈക്കോടതി ഉത്തരവ് പ്രകാരം 09-09-2016 ൽ |
| 10 | 5,00,000/- | ഹൈക്കോടതി ഉത്തരവ് പ്രകാരം 11-05-2017 ൽ |

| | | |
|---|---|---|
| ആകെ | 18,65,500/- | |

KURDFC യുമായുള്ള വായ്പാ കുടിശ്ശികയിന്മേൽ സർക്കാർ തലത്തിൽ തീരുമാനമുണ്ടാക്കുന്നതിന് ഭരണസമിതി അടിയന്തിരമായി ഇടപെടേണ്ടതും തനതു ഫണ്ടിനുള്ള നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 3-21 പദ്ധതി പൂർത്തീകരിച്ച ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് ക്രമവിരുദ്ധം

പദ്ധതിയുടെ പേര് - 63- ാം നമ്പർ അംഗൻവാടി നവീകരണം

പദ്ധതി നമ്പർ - 75/18

പദ്ധതി അടങ്കൽ - 300000/-

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽപ്പറഞ്ഞ പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്നഅപാകതകൾ കണ്ടെത്തി.

1) 24.5.2017 പദ്ധതി പൂർത്തിയാക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 27.6.17-ലെ 11(19) നമ്പർ തീരുമാനപ്രകാരം പദ്ധതി റിവൈസ് ചെയ്യാൻ തീരുമാനിച്ചു. 2012-ലെ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 1601.1.6 പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പൂർത്തീകരണം വരെയോ പൂർത്തീകരണത്തോടടുക്കുന്നതിനോ കാത്തിരിക്കേണ്ടതില്ല എന്നു പറയുന്നു. എന്നാൽ ഇവിടെ പണി പൂർത്തീകരിച്ച ശേഷമാണ് പദ്ധതി റിവൈസ് ചെയ്തത്. ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും അധികരിക്കാതെ പ്രവൃത്തി റിവൈസ് ചെയ്തതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് നഷ്ടമുണ്ടായിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പദ്ധതി റിവൈസ് ചെയ്യുന്ന പ്രവണത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

2) ഐറ്റം നമ്പർ (1) പ്രകാരം ഡിസ്മാന്റിൽ ചെയ്തതാഴെപ്പറയുന്നസാധനങ്ങളിൽ ഉപയോഗപ്രദമായ സാധനങ്ങൾ ഡിസ്മാന്റിൽ ചെയ്തതിന്റെ വിവരം ഓഡിറ്റിന് ഹാജരാകാകിയിട്ടില്ല.

| സാധനങ്ങളുടെ വിവരം | നമ്പർ | അളവ് | മൂല്യം |
|---|---|---|---|
| Dismantling tiled roofing with battens boarding etc. Complete including stacking of serviceable material and disposal of unserviceable materials etc. complete | 1<br>1 | (4.30+9.50/2)x 3.20<br>(4.30+9.05/2)x 5 | 22.08<br>33.375<br>55.455 $m^2$<br>Rate 113.45/$m^2$<br>55.455 x 113.45<br>= 6291.369 |
| | | Total Value | 6291.369 |

ഉപയോഗപ്രദമായ സാധനങ്ങൾ ലേലം ചെയ്തതിന്റെ വിവരം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.31)നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. പ്രസ്തുത സാധനങ്ങൾ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 154 പ്രകാരം ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 13-03-18 | 34000 | നെൽകൃഷി വികസനം ഒന്നാംവിള 10/2017-18 | 34000 | 0 |
| ജില്ലാ പഞ്ചായത്ത് | 28-03-18 | 34000 | | 34000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-03-18 | 20400 | ജൈവസമൃദ്ധി 22/2017-18 | 20400 | 0 |
| ജില്ലാ പഞ്ചായത്ത് | 20-03-18 | 20400 | | 20400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 17-03-18 | 119250 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 04/2017-18 | 119250 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 0 | 0 | 0 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | SO 199/17 സ്ട്രീറ്റ് മെയിൻ | 266025 | 266025 | 0 |
| | 221/17-18 സ്ട്രീറ്റ് മെയിൻ | 1345625 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1150000 | 762638 | 387362 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ) നം.320/2010/ തസ്വഭവ തീയതി 29-01-10 | 14460000 | 1977068 | 203763(ഇതുവരെ അടച്ച മുതൽ 10271520 | 0 (ഇതുവരെ അടച്ച പലിശ 2577729) | 1773305 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| * വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (ആറ്റിങ്ങൽ സബ്ട്രഷറി A/c No 79900100041597 | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 150000 |
| ആകെ | 150000 |
| തന്നാണ്ടിൽ നിക്ഷേപിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 150000 |

| നിക്ഷേപത്തിന്റെ വിവരം | |
|---|---|
| നേതാജി ഫൗണ്ടേഷൻ അവാർഡ് തുക | 150000 |
| ആകെ | 150000 |

* [ പ്രസ്തുത സ്ഥിരനിക്ഷേപത്തിന്റെ പലിശ തുക വർഷംതോറും കേരള യൂണിവേഴ്സിറ്റിയുടെ B.A Malayalam പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന വിദ്യാർത്ഥിക്ക് നൽകി വരുന്നു].

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| | | 1622 | റ്റി.വി.അശോകകുമാർ | 117050101205/ 15-06-2017 |
| | 2002-03 3-8 | 1500 | ശ്രീ.ശശിധരൻ | 117050102242 07-09-2017 |

| | | | | |
|---|---|---|---|---|
| | 2016-17 | 270 | ഹെഡ്മിസ്ട്രസ്, എസ്.എൻ.വി.ജി.എച്ച്.എസ് | 117050101647<br>12-07-2017 |
| | പാര.15 | 450 | ശ്രീ.എസ്.ജയപ്രദീപ് | 117050101647<br>12-07-17 |
| | 2016-17 | 1600 | മാനേജർ,മാവേലി സ്റ്റോർ | 117050102398<br>22-09-2017 |
| ആകെ | | | | 5442/- |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-11 | 2013-14 | 6.1.2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 | 3.12 | 2013-14 | 6.4 | തെരുവ് വിളക്ക് രജിസ്റ്റർ പരിപാലനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 | 3.12 | 2013-14 | 6.4.1 | തെരുവ് വിളക്ക് അറ്റകുറ്റപ്പണിയിൽ കണ്ടെത്തിയ അപാകതയും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 243292791 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 241632100 |
| വരവിനത്തിലെ നഷ്ടം | 0 |
| ചെലവിനത്തിലെ നഷ്ടം | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 238025 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 238025 | ശ്രീമതി.ഡി.എസ്.ലതിക, സെക്രട്ടറി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05-06-2018 | 1 |
| 2007-08 | | 1 |
| 2008-09 | " | |
| 2009-10 | " | 4 |
| 2010-11 | " | 4 |
| 2012-13 | " | 4 |
| 2013-14 | " | 1 |
| 2015-16 | " | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1602/2017 തീയതി 05-08-17 | 17 |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ ചുവടെപ്പറയുന്ന അപാകങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്